# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76 | 28/09/2011-ൽ മറുപടിയ്ക്ക്

## കേടായ ഉപകരണങ്ങൾ നന്നാക്കാൻ നടപടി

ചോദ്യം

ശ്രീ. സി. എഫ് തോമസ്:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. സി. ജോർജ്:

മറുപടി

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ഗവൺമെൻറ് ആശുപത്രികളിൽ കേടായിക്കിടക്കുന്ന ഉപകരണങ്ങൾ നന്നാക്കുന്നതിന് നിലവിലുള്ള ക്രമീകരണങ്ങൾ എന്താണ്; | (എ) | ആരോഗ്യവകുപ്പിൽ ആശുപത്രി ഉപകരണങ്ങൾ കേടായ വിവരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും റഫ്രിജറേഷൻ മെക്കാനിക്കിന്റെ സർട്ടിഫിക്കറ്റോടുകൂടി നന്നാക്കി നൽകുവാൻ വേണ്ടിയുള്ള അപേക്ഷ ഹെൽത്ത് ഡയറക്ടറേറ്റ് തലത്തിൽ കോൾഡ് ചെയിൻ ഓഫീസർ പരിശോധിച്ച് ആവശ്യം വേണ്ട തുകയും അനുമതിയും നൽകാറുണ്ട്. അതനുസരിച്ച് ഉപകരണങ്ങൾ നന്നാക്കി വരികയാണ് ചെയ്യുന്നത്.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓരോ ഉപകരണവും വാങ്ങുമ്പോൾ തന്നെ അതിന്റെ വാറന്റി കാലാവധിക്ക് ശേഷം ആനുവൽ മെയിൻറനൻസോ കോംപ്രിഹെൻസീവ് മെയിൻറനൻസോ ഏതാണ് ആവശ്യമുള്ളത് അതും ഉൾപ്പെടുത്തിയാണ് സപ്ലൈ ഓർഡർ നൽകുന്നത്. |
| (ബി) | കേടായിക്കിടക്കുന്ന ഉപകരണങ്ങൾ സമയബന്ധിതമായി നന്നാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ